# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2661** **06.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസാനുകൂല്യം നിഷേധിക്കുന്നത്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇന്ത്യയ്ക്കകത്ത് ഉന്നത വിദ്യാഭ്യാസ പഠനത്തിന് മെറിറ്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന കേന്ദ്രസർക്കാർ/സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലും വിദേശത്തും പഠിക്കുന്നതിന് ഫീസാനുകൂല്യം നിഷേധിക്കുന്നത് എന്തെല്ലാം സാഹചര്യങ്ങളിലാണ്; വിശദവിവരം നൽകുമോ; | (എ) | പട്ടികജാതി സമുദായത്തിൽപ്പെട്ട ഇന്ത്യയ്ക്കകത്ത് ഉന്നത വിദ്യാഭ്യാസ പഠനത്തിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ.ഉ. (അച്ചടി) നം.**50/2009**/പജപവവിവ തീയതി **02/07/2009**, സ.ഉ. (എം.എസ്) നം.**96/2018**/പജപവവിവ തീയതി **15/12/2018** എന്നീ ഉത്തരവുകൾ പ്രകാരവും വിദേശ വിദ്യാഭ്യാസത്തിനു സ.ഉ. (അച്ചടി) **81/2017**/പജപവവിവ തീയതി **04/10/2017**, സ.ഉ. (എം.എസ്) നം.**22/2019**/പജപവവിവ തീയതി **19/03/2019** എന്നീ ഉത്തരവുകൾ പ്രകാരവും വിദ്യാഭ്യാസാനുകൂല്യം വകുപ്പ് അനുവദിക്കുന്നുണ്ട്. |
| (ബി) | ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 50/2009/പജ.പവ.വിവ. തിരുവനന്തപുരം, 2009 ജൂലൈ 2.**

---

പരാമർശം:—1-2-2008-ലെ സ. ഉ. (എംഎസ്.) 20/08/പജ.പവ.വിവ.

## ഉത്തരവ്

സംസ്ഥാന സർക്കാർ അനുവദിക്കുന്ന വിദ്യാഭ്യാസാനുകൂല്യം പ്രയോജനപ്പെടുത്തി കേരളീയരായ ധാരാളം പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾ കേരളത്തിനകത്തും പുറത്തും വിവിധ കോഴ്സുകളിൽ പഠനം നടത്തിവരുന്നുണ്ട്. കാലാകാലങ്ങളിലെ ആവശ്യങ്ങൾ പരിഗണിച്ച് വിവിധ കോഴ്സുകൾക്കായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിരവധി ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് ഫീസാനുകൂല്യം ഇപ്പോൾ നൽകിവരുന്നത്. വർഷംതോറും പുതിയ പുതിയ കോഴ്സുകൾ രാജ്യത്ത് വിദ്യാഭ്യാസ മേഖലയിലേക്ക് ചേർക്കപ്പെടുന്നുണ്ട്. അത്തരം കോഴ്സുകൾക്ക് ഫീസാനുകൂല്യം അനുവദിക്കുവാൻ നിലവിലുള്ള ചട്ടത്തിൽ വ്യവസ്ഥയില്ലാത്ത സ്ഥിതിയും നിലനിൽക്കുന്നുണ്ട്.

കേരളീയരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് വിദ്യാഭ്യാസരംഗത്തെ സംസ്ഥാനത്തിനകത്തുള്ള പഠനം എന്നും സംസ്ഥാനത്തിന് പുറത്തുള്ള പഠനം എന്നും രണ്ട് വിഭാഗം ആയി തിരിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഉത്തരവ് പുറപ്പെടുവിക്കുന്നു.

GCPT. 3/1395/2013/DTP.

## വിഭാഗം—I സംസ്ഥാനത്തിനകത്തുള്ള പഠനം

### A. പ്രീ-മെട്രിക് വിദ്യാഭ്യാസം

(a) (i) നഴ്സറി മുതൽ 10-ാം ക്ലാസ്സ് വരെ (സർക്കാർ/എയിഡഡ് സ്കൂളുകളിൽ).

(ii) ജി. വി. രാജ സ്പോർട്സ് സ്കൂൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, സൈനിക സ്കൂൾ ഇവയിൽ 10-ാം ക്ലാസ്സ് വരെയുള്ള പഠനം.

(iii) അംഗീകൃത അൺഎയിഡഡ് സ്കൂളിൽ ട്യൂഷൻ ഫീസ് റീ-ഇംപേഴ്സ്മെന്റ് പദ്ധതി (സർക്കാർ അംഗീകരിച്ച ലംപ്സം ഗ്രാന്റും ട്യൂഷൻ ഫീസും സ്പെഷ്യൽ ഫീസും മാത്രം നൽകുന്നതാണ്).

(iv) സാക്ഷരത മിഷൻ 10-ാം തരം തുല്യതാപഠനം (ഫീസാനുകൂല്യം മാത്രം നൽകുന്നതാണ്).

(b) (i) ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനുകീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ (പത്താം ക്ലാസ്സ് വരെ).

(ii) ഐ. എച്ച്. ആർ. ഡി. ക്കു കീഴിലുള്ള ടെക്നിക്കൽ സ്കൂളുകൾ (പത്താം ക്ലാസ്സ് വരെ).

(iii) ഐ. റ്റി. ഐ., ഐ. റ്റി. സി., നോൺ മെട്രിക് ട്രേഡുകൾ (സർക്കാരിന്റേയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടേയും അംഗീകാരം ഉള്ളവ).

(iv) എഞ്ചിനീയറിംഗ് ആന്റ് നോൺ എഞ്ചിനീയറിംഗ് വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ—നോൺ മെട്രിക് ട്രേഡുകൾ [Kerala Government Certificate in Engineering (KGCE)] (സർക്കാരിന്റേയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടേയും അംഗീകാരം ഉള്ളവ).

(c) IHRD, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, ഡയറക്ടർ ഓഫ് ട്രെയിനിംഗ് തുടങ്ങിയവയുടെ കീഴിലുള്ള സ്കൂളുകൾ—സർക്കാർ അംഗീകാരവും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരവും ഉള്ള വൊക്കേഷണൽ എഞ്ചിനീയറിംഗ്, നോൺ എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ.

### B. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം

(i) +1, +2, വൊക്കേഷണൽ ഹയർ സെക്കന്ററി, കേന്ദ്രീയ വിദ്യാലയങ്ങൾ, സൈനിക സ്കൂളുകൾ, ടെക്നിക്കൽ സ്കൂളുകൾ, ജി. വി. രാജാ സ്കൂൾ, പോളിടെക്നിക്കുകൾ, IHRD സ്കൂളുകൾ.

(ii) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച വിവിധ ഡിപ്ലോമ, ഡിഗ്രി, പി. ജി. കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ (അനുബന്ധത്തിലെ ...

(ii) (a) ഒരു പോസ്റ്റ് മെട്രിക് കോഴ്സിനുപുറമേ മറ്റു രണ്ടു കോഴ്സുകൾക്കു കൂടി എല്ലാവിധ ആനുകൂല്യങ്ങളും വാങ്ങി പഠിക്കാവുന്നതാണ്. ഇതിനു മുൻപിലത്തെ കോഴ്സ് പൂർത്തിയാക്കണമെന്നില്ല.

(iii) വിവിധ പ്രൊഫഷണൽ കോഴ്സുകൾ (അനുബന്ധത്തിലെ പട്ടിക പ്രകാരം).

(iv) പോളിടെക്നിക് കോഴ്സുകൾ, ITI, ITC മെട്രിക് ട്രേഡുകൾ (സർക്കാരിന്റെയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും അംഗീകാരമുള്ളവ).

(v) സർക്കാർ നിയന്ത്രിത കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിലെ കോഴ്സുകൾ (മറ്റു സഹകരണ യൂണിയൻ സ്ഥാപനങ്ങളെ പരിഗണിക്കില്ല).

(vi) കേന്ദ്ര-സംസ്ഥാന സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സംസ്ഥാന കേന്ദ്ര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ എൽ. ബി. എസ്. സെന്റർ, ഐ. എച്ച്. ആർ. ഡി., സി-ഡിറ്റ്, C-DAC, ER&DC തുടങ്ങിയ സ്ഥാപനങ്ങളിലെ കോഴ്സുകൾ (സർക്കാരുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളവ മാത്രം. ഫ്രാഞ്ചൈസികളെ ഉപയോഗിച്ചുള്ളവയ്ക്ക് അർഹതയില്ല).

(vii) യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ (എയിഡഡ്) എന്നിവയിലെ അൺഎയിഡഡ് കോഴ്സുകൾക്ക് സർക്കാർ/യൂണിവേഴ്സിറ്റി നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നതാണ്. അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ അൺ എയിഡഡ് കോഴ്സുകൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുകയില്ല.

(viii) എം. ഫിൽ., പിഎച്ച്. ഡി., എം. ടെക്., എം. ലിറ്റ്. തുടങ്ങിയ കോഴ്സുകളിൽ യു. ജി. സി./ഗേറ്റ് പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു. ജി. സി. അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കുന്നതാണ്.

(ix) സംസ്ഥാന യൂണിവേഴ്സിറ്റികളുടെയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെയും (IGNOU) ഓഫ് ക്യാമ്പസ് കോഴ്സുകൾ (അംഗീകൃത ഫീസാനുകൂല്യം മാത്രം നൽകുന്നതാണ്).

(x) ഈവനിംഗ് കോഴ്സുകൾ (പാർട്ട് ടൈം കോഴ്സുകൾ).

(xi) വിദൂര വിദ്യാഭ്യാസ കോഴ്സുകൾ.

മേൽപ്പറഞ്ഞവയിൽ പ്രീ–മെട്രിക് തലത്തിൽ A (a) (i) മുതൽ (a) (ii) വരേയും (b) (i) മുതൽ (iv) വരേയും (c)-ലും പോസ്റ്റ് മെട്രിക് തലത്തിൽ B (i) മുതൽ (vii) വരേയും സൂചിപ്പിച്ചിട്ടുള്ളവയ്ക്ക് പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും ട്യൂഷൻ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും നൽകുന്നതാണ്. B (ix), (x), (xi) എന്നിവയിൽ യൂണിവേഴ്സിറ്റിക്ക്/ബോർഡിന് നൽകേണ്ട യഥാർത്ഥ ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ് എന്നിവ മാത്രം അനുവദിക്കുന്നതാണ്.

പോസ്റ്റ് മെട്രിക് തലത്തിൽ മെറിറ്റ് ക്വാട്ടയിലും റിസർവേഷൻ ക്വാട്ടയിലും മാത്രം പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രമേ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകുകയുള്ളു.

നിലവിലുള്ള റിസർവേഷൻ അനുസരിച്ച് ഏതെങ്കിലും സ്ഥാപനം നിയമാനുസൃതമായി പ്രൊഫഷണൽ കോഴ്സുകൾക്ക് 10%, മറ്റു കോഴ്സുകൾക്ക് 20% റിസർവേഷനുപരിയായി പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നുണ്ടെങ്കിൽ അതിന് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. ഇവർക്ക് സർക്കാർ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

സർക്കാർ നിയന്ത്രിത/അംഗീകൃത/എയിഡഡ് സ്ഥാപനങ്ങളിലെ മാനേജ്മെന്റ് പ്രിവിലേജ്/എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതല്ല.

റയിൽവേ, ഫാക്റ്റ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫീസ് സ്ഥാപനത്തിന്റെ നിരക്കിലും മറ്റ് ആനുകൂല്യങ്ങൾ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരവും അനുവദിക്കുന്നതാണ്. പി. റ്റി. എ. ഫണ്ട്, ക്വാഷൻ ഡിപ്പോസിറ്റ് എന്നിവ നൽകുന്നതല്ല.

C. സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ കോഴ്സുകൾ

(i) ഗവൺമെന്റ് അംഗീകൃതമായ സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രീ-മെട്രിക് പഠനത്തിന് കാലാകാലങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നിശ്ചയിക്കുന്ന ഫീസ് നൽകുന്നതാണ്. CBSE, ICSE, State Syllabus എന്നിവയ്ക്ക് മേൽനിർദ്ദേശം ബാധകമാണ്. മേൽപ്പറഞ്ഞ പ്രകാരം പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പരാമർശം (1)- ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും സർക്കാർ അംഗീകരിക്കുന്നതുമായ ഫീസും അനുവദിക്കുന്നതാണ്.

(ii), എന്നാൽ മേൽപ്പറഞ്ഞ സിലബസ് പ്രകാരം അൺഎയിഡഡ് സ്ഥാപനങ്ങളിലെ ഹയർ സെക്കന്ററി (+1, +2) വിദ്യാഭ്യാസത്തിന് ആനുകൂല്യം ലഭിക്കുന്നതല്ല.

(iii) സ്വകാര്യ അൺഎയിഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നതല്ല.

D. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ

(i) ഈ ഉത്തരവിന്റെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും ഡി. എം. ഇ., ഡി. എച്ച്. എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്.

(ii) സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ജനറൽ നഴ്സിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ മാത്രമേ ഫീസ് നൽകുകയുള്ളു.

(iii) CAT, MAT, JEE, JMET, XAT, ATMA തുടങ്ങിയ അഖിലേന്ത്യാ പ്രവേശന പരീക്ഷവഴി സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ/യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും പരാമർശം (1)-ലെ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

(iv) മാനേജ്മെന്റ്, പ്രിവിലേജ്/എൻ. ആർ. ഐ. ക്വാട്ടയിൽ പ്രവേശനം നേടിയവർക്ക് ആനുകൂല്യത്തിന് അർഹത ഉണ്ടാവില്ല.

E. ഡീംഡ് യൂണിവേഴ്സിറ്റികൾ

കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റേയോ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഡീംഡ് യൂണിവേഴ്സിറ്റികളിൽ മെറിറ്റ് സീറ്റിലും റിസർവേഷൻ സീറ്റിലും പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യം അനുവദിക്കുന്നതാണ്. എന്നാൽ സ്വകാര്യ ഡീംഡ് യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടുന്നവർക്ക് ആനുകൂല്യത്തിന് അർഹതയില്ല.

F. പാരലൽ കോളേജ് വിദ്യാഭ്യാസം

+1 കോഴ്സിന് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് വിദ്യാഭ്യാസത്തിന് ആനുകൂല്യം ലഭിക്കുന്നതിന് ജില്ലകളിലെ ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പ്രവേശനം ലഭിച്ചിട്ടില്ലായെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പാരലൽ ആയി പ്രൈവറ്റ്

കേന്ദ്രങ്ങളിൽ പഠിക്കേണ്ടിവരികയാണെങ്കിൽ യൂണിവേഴ്സിറ്റി/ബോർഡ് നിശ്ചയിച്ച പരീക്ഷാഫീസിന് പുറമേ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ട്യൂഷൻ ഫീസും അനുവദിക്കുന്നതാണ്. ഇതോടൊപ്പം പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള മറ്റു ആനുകൂല്യങ്ങളും അനുവദിക്കുന്നതാണ്.

## വിഭാഗം—II സംസ്ഥാനത്തിന് പുറത്തുള്ള പഠനം

A. **ജനറൽ കോഴ്സുകൾ**

(i) കേരളത്തിനു പുറത്ത് താൽക്കാലികമായി താമസിക്കേണ്ടിവരുന്ന കേരളീയരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാരുടെ മക്കൾക്ക് അന്യ സംസ്ഥാനങ്ങളിലെ സർക്കാർ/എയിഡഡ് സ്ഥാപനങ്ങളിൽ പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകളിൽ ചേർന്ന് പഠിക്കേണ്ടിവരുന്നപക്ഷം ഇവർ സംസ്ഥാനത്തിനകത്ത് സർക്കാർ സ്ഥാപനത്തിൽ പഠിച്ചിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

(ii) സംസ്ഥാനത്തിനു പുറത്ത് 1950-നുമുൻപ് സ്ഥിരതാമസമാക്കിയിട്ടുള്ള കേരളീയരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാരുടെ പിൻതലമുറക്കാർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(iii) കേരളത്തിൽ നിലവിലില്ലാത്ത ഒരു കോഴ്സിന് അന്യസംസ്ഥാനത്ത് പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതാണ്.

B. **പ്രൊഫഷണൽ കോഴ്സുകൾ**

(i) കേന്ദ്രസർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വഴിയോ അലോട്ട്മെന്റ് ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ട്.

(ii) കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികൾ, കേന്ദ്ര യൂണിവേഴ്സിറ്റികളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ കോളേജുകൾ എന്നിവയിൽ മെറിറ്റ് സീറ്റിലും റിസർവേഷൻ സീറ്റിലും പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സ്ഥാപനം നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതാണ്.

(iii) പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ, പ്രൈവറ്റ് ഡീംഡ് യൂണിവേഴ്സിറ്റികൾ, സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷകൾ വഴി വിവിധ കോഴ്സുകൾക്ക് പ്രവേശനം നേടുന്നവർക്ക് ആനുകൂല്യം ലഭിക്കുന്നതല്ല.

(iv) കേരളത്തിൽ നിലവിലുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് അന്യസംസ്ഥാനത്ത് പഠിക്കുന്ന കേരളത്തിൽ സ്ഥിരതാമസമുള്ളവർക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.

## പൊതു വ്യവസ്ഥകൾ

1. ഒരു വർഷത്തിൽ/ഒരു സെമസ്റ്ററിൽ/ഒരു ടേമിൽ 75 ശതമാനം ഹാജർ ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ തുടർന്നുള്ള കാലയളവിലെ വിദ്യാഭ്യാസ ആനുകൂല്യ ങ്ങൾ അനുവദിക്കാൻ പാടുള്ളൂ.

2. സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് പ്രിവിലേജ്/എൻ. ആർ. ഐ. ക്വാട്ടകളിൽ പ്രവേശനം ലഭിച്ചവർക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതല്ല.

3. M.B.B.S., B.V.Sc., Engineering, B.A.M.S. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ/എയിഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾ തോറ്റു പഠിക്കേണ്ടിവരുമ്പോൾ ഒരേ ക്ലാസ്സിൽ മൂന്ന് പ്രാവശ്യം റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സം ഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നതാണ്. ജനറൽ കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം പരീക്ഷ ഫീസ് മാത്രം നൽകുന്നതാണ്. സ്വാശ്രയ മേഖലയിലെ എം.ബി.ബി.എസ്. കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം തോറ്റു പഠിക്കുന്നതിന് 50 ശതമാനം നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സം ഗ്രാന്റ് ഒഴികെ മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

4. കോഴ്സുകളുടെ ഫീസ് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, ടൂറിസം വകുപ്പ് എന്നീ വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം കോഴ്സുകൾക്ക് പ്രസ്തുത ഉത്തരവിലെ ഫീസ് അനുവദിക്കുന്നതാണ്. മറ്റു കോഴ്സുകൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉത്തരവുകൾ ബാധകമായിരിക്കും.

5. സ്പോർട്സ് ക്വാട്ടയിലും ഡിഫൻസ് ക്വാട്ടയിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യ ങ്ങൾ അനുവദിക്കുന്നതാണ്.

6. ഈ ഉത്തരവിലെ ഏതെങ്കിലും ഭാഗം സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമാകുന്നപക്ഷം ആയത് സർക്കാർ പുറപ്പെടുവിക്കുന്നതാണ്. മറിച്ച് ഇത് സംബന്ധിച്ച് കീഴ്തലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്പഷ്ടീകരണംവഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നപക്ഷം പ്രസ്തുത നഷ്ടം അതിനുത്തരവാദിയായവ രിൽനിന്ന് വസൂലാക്കുന്നതാണ്.

7. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രോജക്ട് അലവൻസും ഇന്റേൺഷിപ്പും അനുവദിക്കുന്നതാണ്.

8. അന്യ സംസ്ഥാന പഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം ആവശ്യപ്പെട്ട് ഈ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് സർക്കാരിൽ ലഭിച്ച് തീർപ്പാകാതെ കിടക്കുന്ന പരാതികളും തീർപ്പാക്കിയതിന്മേൽ ലഭിക്കുന്ന അപ്പീൽ പരാതികളും മുൻ ഉത്തരവുകൾ പ്രകാരം പ്രത്യേകം പരിഗണിച്ച് തീർപ്പാക്കാനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമായിരിക്കും.

C. വിദേശ പഠനം

വിദേശ പഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണമെന്ന ആവശ്യം ഓരോ അപേക്ഷയുടെയും മെറിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ഇതിനുമുമ്പ് ഈ വകുപ്പ് പുറപ്പെടുവിച്ച് പരാമർശം (1)-ലെ ഉത്തരവ് ഒഴികെയുള്ള മറ്റെല്ലാ ഉത്തരവുകളും ഇതോടെ റദ്ദാകുന്നതാണ്. എന്നാൽ മെസ് ചാർജ്, സ്റ്റൈപ്പെന്റ്, യൂണിഫോം ചാർജ്, പോക്കറ്റ് മണി, ലംപ്സം ഗ്രാന്റ്, സ്റ്റഡി ടൂർ, പ്രോജക്ട് അലവൻസ്, തീസിസ് ഗ്രാന്റ്, ടി. എ., ഡി.എ., മത്സരപരീക്ഷകൾക്കുള്ള പ്രത്യേക ധനസഹായം, രക്ഷകർത്താക്കൾക്കുള്ള പ്രോത്സാഹനം, ബുക്ക് അലവൻസ് തുടങ്ങിയ മേഖലകളിൽ മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

പുതിയ ഉത്തരവിനുശേഷം ഇതിന് വിരുദ്ധമായി അനുവദിക്കപ്പെടുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തിരിച്ചു പിടിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പോൾ ആന്റണി,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹോമിയോപ്പതിക് ഡയറക്ടർ, തിരുവനന്തപുരം.
ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർ (ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ മുഖേന).

മാനേജിംഗ് ഡയറക്ടർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കോഴിക്കോട്/കൊച്ചി/കണ്ണൂർ യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പ്.
ഉന്നതവിദ്യാഭ്യാസ വകുപ്പ്.
ആരോഗ്യകുടുംബക്ഷേമ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

## അനുബന്ധം

### പ്രൊഫഷണൽ ആന്റ് ജോബ് ഓറിയന്റഡ് കോഴ്സുകളുടെ പട്ടിക

1. എഞ്ചിനീയറിംഗ്/അനുബന്ധ കോഴ്സുകൾ
2. എം.ബി.ബി.എസ്.
3. ബി.ഡി.എസ്.
4. ബി.എ.എം.എസ്.
5. ബി.എച്ച്.എം.എസ്.
6. ബി.എസ്.എം.എസ്.
7. ബി.ഫാം./ഡി.ഫാം. (എല്ലാ വിഭാഗത്തിലും)
8. എല്ലാ മെഡിക്കൽ ബിരുദാനന്തരബിരുദ കോഴ്സുകൾ
9. എല്ലാ പാരാമെഡിക്കൽ കോഴ്സുകൾ
10. ബി.എസ്സി. നഴ്സിംഗ് (എല്ലാ വിഭാഗത്തിലും)
11. ബി.എസ്സി. (അഗ്രി.) ആന്റ് എം.എസ്സി. (അഗ്രി.)
12. ബി.വി.എസ്സി. ആന്റ് എം.വി.എസ്സി.
13. ബി.എഫ്.എസ്സി. ആന്റ് എം.എഫ്.എസ്സി.
14. പാരാ വെറ്ററിനറി കോഴ്സസ്
15. പാരാ അഗ്രി. കോഴ്സസ്
16. പാരാ ഫിഷറീസ് കോഴ്സസ്
17. ഡയറി കോഴ്സസ്
18. എഞ്ചിനീയറിംഗ് പി.ജി. കോഴ്സസ്
19. കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സസ്
20. ബി.എഡ്. ആന്റ് എം.എഡ്.
21. ബി.പി.എഡ്. ആന്റ് എം.പി.എഡ്.
22. റ്റി.റ്റി.സി. ആന്റ് പി.പി.റ്റി.റ്റി.സി.
23. എം.സി.എ., ബി.ബി.എ., ബി.സി.എ.
24. എം.ബി.എ.
25. എം.എസ്.ഡബ്ല്യൂ.
26. എൽഎൽ.ബി., എൽഎൽ.എം. ആന്റ് ബി.ജി.എൽ.
27. ജനറൽ നഴ്സിംഗ് കോഴ്സസ്
28. ബി.റ്റി.എ. ആന്റ് എം.റ്റി.എ.
29. ബി.എൽ.ഐ.എസ്., എം.എൽ.ഐ.എസ്., സി.എൽ.ഐ.എസ്. & ഡി.എൽ.ഐ.എസ്.

30. ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ
31. എൻ.ഐ.എഫ്.റ്റി. കോഴ്സുകൾ
32. എം.എഫ്.എ./ബി.എഫ്.എ. (ഫൈൻ ആർട്സ്)
33. ഹൗസ് സർജൻസി
34. കമ്പനി സെക്രട്ടറിഷിപ്പ്
35. പൈലറ്റ് ആന്റ് എയർ ഹോസ്റ്റസ് പരിശീലനം
36. ചാർട്ടേഡ് അക്കൗണ്ടൻസി/ഐ.സി.ഡബ്ല്യൂ.എ.
37. മ്യൂസിക് കോഴ്സുകൾ
38. ലാറ്ററൽ എൻട്രി സ്കീം പ്രകാരമുള്ള കോഴ്സുകൾ
39. ഗവ. അംഗീകരിച്ച മറ്റ് സ്പെഷ്യൽ കോഴ്സുകളും ഇനി അംഗീകരിക്കാവുന്ന കോഴ്സുകളും.

## കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്—കേന്ദ്രസർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര സർവ്വകലാശാലകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ) ബിരുദ/ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ. ഉ. (എംഎസ്.) നമ്പർ 96/2018/പജപവവിവ.

*തിരുവനന്തപുരം, 2018 ഡിസംബർ 15.*

---

പരാമർശം:—(1) 2-7-2009-ലെ സ.ഉ. (അ) നമ്പർ 50/2009/പജപവവിവ നമ്പർ ഉത്തരവ്.

(2) 23-10-2018-ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ എഡ്യൂ. എ2. 18335/18 നമ്പർ കത്ത്.

### ഉത്തരവ്

കേന്ദ്രസർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര സർവ്വകലാശാലകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ) പ്രൊഫഷണൽ കോഴ്സുകൾക്ക് പുറമേ മറ്റു ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് കേന്ദ്രസർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി പ്രവേശനം/അലോട്ട്മെന്റ് ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം

വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, സർക്കാർ അനുവദിക്കുന്ന നിരക്കിലുള്ള താമസ ഭക്ഷണ ചെലവുകൾ എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്രസർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര സർവ്വകലാശാലകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ) പ്രൊഫഷണൽ കോഴ്സുകൾക്ക് പുറമേ മറ്റു ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് കേന്ദ്രസർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി പ്രവേശനം/ അലോട്ട്മെന്റ് ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, സർക്കാർ അനുവദിക്കുന്ന നിരക്കിലുള്ള താമസ ഭക്ഷണ ചെലവുകൾ എന്നിവ അനുവദിക്കുന്നതാണ്. പരാമർശം (1) ഉത്തരവിലെ വിഭാഗം II-ൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ വ്യവസ്ഥയുടെ അഭാവത്തിൽ തീർപ്പാകാതെ ഡയറക്ടറേറ്റ്/ജില്ലാ ഓഫീസുകളിൽ അവശേഷിക്കുന്ന അപേക്ഷകൾക്ക് ഈ ഉത്തരവ് ബാധകമായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിശ്വനാഥ് സിൻഹ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, തിരുവനന്തപുരം.

എല്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E, Audit), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

GOVERNMENT OF KERALA

**Abstract**

SCSTDD—GOVERNMENT OF KERALA SCHOLARSHIP TO SC/ST STUDENTS FOR OVERSEAS STUDIES—GUIDELINES—FORMULATED—ORDERS—ISSUED.

## SCHEDULED CASTES/SCHEDULED TRIBES DEVELOPMENT (A) DEPARTMENT

G. O. (Ms.) 81/2017/SCSTDD. *Dated, Thiruvananthapuram, 4th October, 2017.*

*Read:*— 1. G. O. (P) 50/2009/SCSTDD dated 2-7-2009.

2. Letter No. Edn.A2-14789/2017 dated 25-8-2017 from Director, Scheduled Caste Development Department.

## ORDER

It is one of the high priorities of Government of Kerala to extend financial assistance to the students belonging to SC/ST categories for pursuing their higher studies abroad. Vide Government order read as first paper above there exists general guidelines in this regard.

However, Government have noticed that the existing guidelines entail more clarity to create a very conducive environment for the students to avail overseas scholarship in a transparent, hassle-free and easy way.

As per the letter read 2nd paper above, Director, Scheduled Caste Development Department furnished a comprehensive proposal for framing detailed guidelines for sanctioning overseas scholarship to assist

GCPT. 3/3499/2017/S-18.

academically brilliant SC/ST students seeking admission in reputed foreign universities.

Government have examined the matter in detail and are pleased to introduce fresh guidelines for the scheme "GOVERNMENT OF KERALA—SCHOLARSHIP FOR OVERSEAS STUDIES TO SC/ST STUDENTS" for achieving the above purpose.

The guidelines are as appended.

By order of the Governor,

USHA T. NAIR,
*Joint Secretary to Government.*

To

The Director, Scheduled Castes Development Department.

The Director, Scheduled Tribes Development Department.

The Director, Technical Education Department.

The Director, Collegiate Education Department.

Registrar, All Universities.

Finance Department.

Higher Education Department.

The Principal Accountant General (G &SSA), Kerala, Thiruvananthapuram.

The Principal Accountant General (R&SSA), Kerala, Thiruvananthapuram.

The Information Officer (Web & New Media), I&PRD.

Stock File/Office Copy.

# GUIDELINES FOR SANCTIONING GOVERNMENT OF KERALA SCHOLARSHIP FOR OVERSEAS STUDIES TO SCHEDULED CASTE AND SCHEDULED TRIBE STUDENTS

## Introduction

The GOVERNMENT OF KERALA SCHOLARSHIP FOR OVERSEAS STUDIES TO SC&ST (hereinafter called "the scholarship") is a merit cum means scholarship for higher studies outside India. This programme is envisaged to help the talented and meritorious students to pursue higher studies abroad which will allow them access to a broader area of knowledge and widen the scope of their activities. In the longer run, it should fetch them a better means and a career at par with the best in the world. So, the courses, the opportunities offered by institution they select, the acceptance of the course inside and outside our country, the expected terminal contribution to the individual and his family, etc., will weigh foremost in deciding the award of scholarship.

Students aspiring for overseas studies should start their preparation well in advance, preferably during the last year of their degree course. They must collect all relevant information about the course, the institution, the fee structure, living expenses including lodging and boarding in the country opted for higher studies.

## Objectives

The programme has the following broad objectives:

1. To provide opportunity for the talented and meritorious students to acquire skill, knowledge and international exposure in the area of their studies.
2. To provide opportunity to study subjects/courses which are not in vogue in India but has great scope and potential for better employment.

3. To help students tide over financial hurdles in the process of seeking higher studies.

4. To give an impetus to Scheduled Caste and Scheduled Tribe students to dream big and to set higher goals in their career path.

### ELIGIBILITY NORMS

In order to be eligible to apply for the scholarship, the applicant should satisfy the following conditions:

1. Must be a resident of Kerala and belong to the Scheduled Castes/Scheduled Tribes of Kerala.

2. Must have secured at least 55% mark in the qualifying examination if the candidate is SC and at least 50% mark if the candidate is ST.

3. Must be below 35 years of age as on the date of application.

4. Must possess the required grades/scores in IELTS/GRE/TOEFL or other relevant tests applicable, if any.

5. Must have received an offer letter from the institution concerned regarding admission to the course.

6. **The Scholarship shall be granted to a student only for one programme of study and shall be limited to the period for which it is sanctioned.** The period of study generally means the course duration including examinations but a maximum of one week overstay will be permitted in deserving cases.

**Income Limit**

Three slabs are fixed based on the annual family income of the student. For this purpose, the income of parents and the applicant, taken together, shall be considered. The slabs are as follows:

1. Students with an annual family income up to ₹ 12,00,000 will get full scholarship to meet all the expenses certified by the authorities concerned including accommodation and living expenses and air travel expenses in economy class.
2. Students with an annual family income between ₹ 12,00,000 and ₹ 20,00,000 will get actual tuition fee certified by the authorities concerned, visa charges, air fare admissible, Medical Insurance Premium plus 50% of accommodation and living expenses.
3. Students with annual family income above ₹ 20,00000 will be eligible only for actual tuition fee certified by the authorities concerned.
4. Income limit will not be applicable to Scheduled Tribe candidates.

**Courses covered**

Postgraduate Degree, Postgraduate Diploma considered equal to a Postgraduate degree, MPhil. and equivalents, Ph.D and Post Doctoral programmes will be covered under the scheme.

**Areas/Subjects**

*Category A*

Scholarships will be available to undertake studies in the following areas/subjects:

1. Pure Science
2. Management and Business Administration
3. Engineering
4. Medicine

5. Agricultural Science
6. Applied Science
7. Computer Science and Information Technology
8. Language of the host country.

*Category B*

Courses which are not available in India coming under the following subject areas will also be considered for the scholarship.

1. Social Science and Humanities
2. Commerce
3. Arts, Fine Arts, Music and allied subjects
4. Law.

**INSTITUTIONS**

The Scholarship shall be limited to the courses in Universities or other institutions of higher learning which come in the first five hundred ranks as per Times Higher Education World University rankings. The latest available rank list in the year of application will be considered.

**PROCEDURE FOR APPLYING FOR THE SCHOLARSHIP**

- The candidate must first obtain a letter of offer of admission and an official document indicating the annual Tuition Fee and food and accommodation charges from the institution concerned.
- Within two weeks after the receipt of the above documents, the student can apply online for the scholarship. A print out of the application thus submitted online along with the following certificates should be forwarded in hard copy to the Director, SCDD or STDD, as the case may be.

CERTIFICATES REQUIRED

1. Copy of SSLC Book/ Birth Certificate
2. Community Certificate
3. Income Certificate
4. Copy of the Mark List of the Qualifying Examination
5. Copy of the Degree Certificate of the qualifying Examination
6. Copy of GRE, IELTS, TOEFL or other relevant score certificate, if applicable
7. Copy of offer letter from the institution to which the candidate seeks admission
8. Copy of Study/Student Visa
9. Copy of Aadhaar Card
10. Copy of Bank Pass Book
11. Any other document which will be specified in the online portal.

- All enquiries regarding the scholarship shall be with the Directors concerned.
- Intimation will be given to the student online regarding the provisional approval of the application within ten days by the Director, SCDD or STDD, as the case may be.
- Students who join the course before obtaining such provisional approval will be doing so at their own risk.
- Applications submitted after taking admission in a foreign university/ institution will not be considered under any circumstances.
- The student will obtain a certificate from the institution with details of every item of expenditure and submit the same to the Director, SCDD/STDD online and send the hard copy by post within a month after joining the course.

## PROCEDURE FOR SANCTIONING SCHOLARSHIP

- On receipt of the application, the Director shall verify the same and, if in order, issue an intimation, within ten days, to the student regarding provisional sanction of the scholarship.
- At the second stage, the Director shall sanction the first instalment of scholarship which will include one way economy class air fare, visa charge and tuition fee for the first year along with ₹ 5 Lakh in advance as living expenses. The maximum living expense will be limited to ₹ 10 Lakh for the entire course and the advance adjusted in the second instalment.
- The second instalment will be sanctioned only on receipt of a certificate from the Head of the Institution regarding the accommodation and living expenses and the receipts for the fees remitted. The student should also submit progress reports on his studies duly signed by the Head of the Institution to the Director concerned.
- Based on the progress report and certificate of expenditure from the authorities concerned, the Director shall sanction the next instalments.
- The amount of scholarship will be decided based on the certificate from the institution and each instalment will be fixed considering the requirement at each stage. The amount will be credited to the bank account of the student in India.

## COMPONENTS OF THE SCHOLARSHIP

The scholarship amount shall cover the following components:

1. To and fro air fare by the shortest route in economy class (for one journey each only)
2. Medical Insurance Premium
3. Tuition fee

4. Accommodation (on certification by the University/Institution)
5. Living expenses (food, local travel, etc.)
6. Actual Visa Charges
7. Other non refundable expenses/remittances to the Institution/ University.

**Other Conditions**

- Course of study or institution for which fund transfer has been initiated can not be changed.
- The total amount of scholarship initially fixed in Indian Rupees based on the certificate from the institution of study will not be revised and no additional amount will be sanctioned.
- The student will have to obtain report on his study/performance from the Head of the Institution or in charge of the course and forward the same after each semester or after each half year, as the case may be.
- The student will have to refund the respective portion of the amount of scholarship availed by him from Government of Kerala if he/she gets any other scholarship, the components of which overlap this scholarship.
- An agreement detailing all other aspects in the prescribed format will be signed between the Director and the student.
- The students shall follow the instructions of the Indian Embassy and NORKA ROOTS in the foreign country. They shall stand advised to get in touch with them as soon as they begin to explore the possibility of this scholarship.
- The number scholarships to be awarded each year shall be decided by the Government of Kerala from time to time.

---

GCPT. 3/3499/2017/S-18.

## GOVERNMENT OF KERALA

**Abstract**

Scheduled Castes/Scheduled Tribes Development Department – GOVERNMENT OF KERALA SCHOLARSHIP FOR OVERSEAS STUDIES TO SC/ST STUDENTS - guidelines – further clarification - orders issued.

**SCHEDULED CASTES/SCHEDULED TRIBES DEVELOPMENT(A)DEPARTMENT**

G.O(Ms) No. 22/2019 /SCSTDD    Dated, Thiruvananthapuram, 19/03/2019

Read:- 1. G.O(Ms) No. 81/2017 /SCSTDD dated 04/10/2017

**ORDER**

As per the Government order read above, Government formulated detailed guidelines for sanctioning of "Government of Kerala Scholarship for Overseas Studies to Scheduled Caste/Scheduled Tribe students". This scheme has instantly become very popular and generated much demand for financial aid from the stake holders. Laden with a plenty of applications in this regard, much of those requiring huge amounts, Government have revisited the matter in order to mete out the benefits to maximum number of eligible applicants. It has been evaluated that it would be better to support more number of applicants than to support a limited few and decided to abstain from the practice of sanctioning very large amounts in individual cases. In these circumstances Government are pleased to modify the above Government Order as stated below.

1. The total grant to an applicant for a particular course under the scheme "Government of Kerala Scholarship for Overseas Studies to SC/ST students" will be limited to Rs.25lakh for the entire course period.

2. This amount can be sanctioned in lump sum.

3. The sanctioning of the amount in lump sum, ie as a single allotment will be on

proper requisition from eligible applicants.

4. This will be applicable to the applications made after 01/01/2019.

The Government Order above stands modified to this extent.

(By Order of the Governor),

**USHA.T.NAIR**
**JOINT SECRETARY**

To

The Director, Scheduled Castes Development Department
The Director, Scheduled Tribes development department
The Principal Accountant General (A&E) Kerala, Thiruvananthapuram
The Principal Accountant General (G&SSA) Kerala, Thiruvananthapuram
The Principal Accountant General (E&RSA) Kerala, Thiruvananthapuram.
Higher Education Department
All District Scheduled Caste Development Officers.
The Information Officer, (Web& New Media), I&PRD,
Stock file/Office Copy.

Forwarded /By Order

Section Officer.